പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 503 — 19.03.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.-യിൽ കൃത്യമായി പെൻഷൻ നൽകാൻ നടപടി

ചോദ്യം — ഉത്തരം

ശ്രീ. കെ. വി. വിജയദാസ് — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. -യിലെ പെൻഷൻ എല്ലാമാസവും കൃത്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നിലവിൽ കെ.എസ്.ആർ.ടി.സി. യുടെ വരവ്-ചെലവ് ഇനത്തിലുള്ള പ്രതിമാസ അന്തരം 94 കോടി രൂപയാണ്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിലും 2013 ഫെബ്രുവരി മാസം വരെയുള്ള പെൻഷൻ കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. -യിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ എന്തുനടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി സർക്കാർ വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ആയത് പ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് 2012-13 ലെ ബജറ്റിൽ നോൺ പ്ലാൻ ലോണിനത്തിലെ 100 കോടി രൂപക്കും, പ്ലാൻ ഫണ്ട് ഇനത്തിലെ 57.07 കോടി രൂപയ്ക്കും പുറമേ സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡീസൽ വില വർദ്ധനവു മൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിന് രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപയും തുടർന്ന് അനുവദിക്കുകയുണ്ടായി. കൂടാതെ 2013 മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ മൊത്തതിലുള്ള പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടികളും അടിയന്തിരമായി കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ